# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1306 — 12.7.2011-ൽ മറുപടിക്ക്

### വാഹനാപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി അബ്ദുള്ളക്കുട്ടി<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) വാഹനാപകടങ്ങൾമൂലം കഴിഞ്ഞ വർഷം (2010 ജനുവരി-2011 വരെ) എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ട്; | എ) 4296 മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. |
| ബി) വർദ്ധിച്ചുവരുന്ന അപകടങ്ങൾ കണക്കിലെടുത്ത് ട്രാഫിക് നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളാവുന്നതെന്ന് വെളിപ്പെടുത്തുമോ? | ബി) സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ, ആൽക്കോമീറ്ററുകൾ എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകൾ നടത്തി അപകടങ്ങൾക്ക് കാരണമാകുന്ന രീതിയിൽ വാഹനമോടിക്കുന്നവരെ കണ്ടെത്തി നിയമനടപടി കൈക്കൊള്ളുന്നതിനും ഇത്തരക്കാർക്ക് ബോധവത്ക്കരണം നടത്താനും കർശന നിർദ്ദേശം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്. ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് വിവിധ സർക്കാർ ഏജൻസികൾ വഴി പൊതുജനങ്ങളെ ബോധവത്ക്കരിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ ട്രാഫിക് അവബോധം വളർത്തുന്നതിന് 3 മൊബൈൽ ട്രാഫിക് എഡ്യൂക്കേഷൻ പാർക്കുകൾ കെൽട്രോണിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുകയും ഇവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ